DESPATCHED On. 26/02/2020

17/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561603/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.2754(4)/2018/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.9190/SIC-Gen 2/2018**

**സന്നിഹിതൻ**

**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ദണ്ഡപാണി .എം,
9/362, രാജേശ്വരി നിലയം,
തോട്ടുപുര, മലമ്പുഴ പി.ഒ.,
പാലക്കാട് – 678 651.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,
മലമ്പുഴ ഗ്രാമപഞ്ചായത്ത്,
മലമ്പുഴ പി.ഒ.,
പാലക്കാട് – 678 651.

2. അപ്പീൽ അധികാരി &
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
സിവിൽ സ്റ്റേഷൻ,
പാലക്കാട്.
} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷിക്ക് 3.11.2017ൽ നൽകിയ വിവരാവകാശ അപേക്ഷയിൽ, 2015ലെ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിന്റെ വോട്ടേഴ്സ് ലിസ്റ്റുമായി ബന്ധപ്പെട്ട ചില വിവരങ്ങളാണ് ആവശ്യപ്പെട്ടത്.

2. ഇതു സംബന്ധിച്ച് കമ്മീഷൻ 27.02.19ൽ ഹിയറിങ് നടത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഉത്തരവ് ലഭിച്ച് 20 ദിവസത്തിനുള്ളിൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളും, വിവരങ്ങളും പൂർണ്ണമായും സൗജന്യമായി ടിയാന് നൽകണമെന്നും, ആയതിന്റെ വിവരം കമ്മീഷനെ അറിയിക്കേണ്ടതാണെന്നും ഉത്തരവിൽ പറഞ്ഞിരുന്നു. അതോടൊപ്പം കൃത്യമായ വിവരങ്ങൾ നൽകാതിരിക്കുകയും, ഒന്നാം അപ്പീൽ അധികാരിയായ രണ്ടാം എതിർകക്ഷിയുടെ തീരുമാനംപോലും കൃത്യമായി നടപ്പാക്കാതിരിക്കുകയും ചെയ്തതിനുള്ള വിശദീകരണം ഒന്നാം എതിർകക്ഷി കമ്മീഷന് നൽകേണ്ടതാണ് എന്നും പറഞ്ഞിരുന്നു. അപ്പീൽ ഹർജിക്കാരന് കൃത്യമായ വിവരങ്ങൾ യഥാസമയം നൽകാതിരുന്നതു മൂലം ടിയാന് നേരിട്ട കഷ്ടനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകാനുള്ള ബാധ്യതയും ഒന്നാം എതിർകക്ഷിക്കുണ്ട് എന്ന് കമ്മീഷൻ നിരീക്ഷിക്കുകയുണ്ടായി. കുറ്റകരമായ

രീതിയിൽ പ്രവർത്തിച്ച ഒന്നാം എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമം അനുശാസിക്കുന്ന വിധത്തിൽ ശിക്ഷാ നടപടി സ്വീകരിക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ ആയതും ഉത്തരവ് ലഭിച്ച് 20 ദിവസത്തിനുള്ളിൽ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിക്കേണ്ടതാണെന്നും, വിശദീകരണം ഒന്നും ലഭിക്കുന്നില്ലെങ്കിൽ ഇക്കാര്യത്തിൽ ഒന്നാം എതിർകക്ഷിക്ക് കൂടുതലൊന്നും ബോധിപ്പിക്കാനില്ല എന്ന് കണക്കാക്കി കമ്മീഷൻ തുടർ നടപടികൾ സ്വീകരിക്കുമെന്നും ഉത്തരവിൽ പറഞ്ഞിരുന്നു.

3. ഇതിന് മറുപടിയായി 06.03.19ൽ ഒന്നാം എതിർകക്ഷി കമ്മീഷന് വിശദീകരണം നൽകി. അതിൽ നിശ്ചിത കാലയളവിൽ അപ്പീൽ ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ട് എന്ന് പറയുന്നതല്ലാതെ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയതായി പറയുന്നില്ല.

4. ഇതിനുശേഷം 09.08.19ൽ, കമ്മീഷന്റെ 19.07.19ലെ കത്തിനുള്ള മറുപടിയായി ഒന്നാം എതിർകക്ഷി മറ്റൊരു വിശദീകരണം നൽകി. അതിൽ ഇപ്രകാരം പറയുന്നു. “2015ലെ തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിന്റെ വോട്ടർ പട്ടിക തയ്യാറാക്കുന്നതിലേക്കായി ലഭിച്ച അപേക്ഷകൾ രേഖപ്പെടുത്തിയ രജിസ്റ്ററിന്റെ പകർപ്പ് പഞ്ചായത്തിൽ നാളിതുവരെ ലഭ്യമായിട്ടില്ല. ടി രജിസ്റ്റർ ആ കാലയളവിൽ സൂക്ഷിച്ചു പോന്നതായി അന്നത്തെ സെക്ഷൻ ക്ലാർക്ക് ശ്രീ. മുരളിപ്രസാദ്, ‘രജിസ്റ്റർ സൂക്ഷിക്കുന്നു’ എന്ന് ബഹു. പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ സ്റ്റേറ്റ്മെന്റ് നൽകിയെങ്കിലും ആയത് യഥാർത്ഥത്തിൽ കൈമാറിയതായോ അതിനുശേഷം ചാർജ്ജ് ഏറ്റെടുത്തയാൾ കൈപ്പറ്റിയതായോ കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ശ്രീ. ദണ്ഡപാണി ബഹു. ജില്ല കളക്ടർ അവർകൾക്ക് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ, ബഹു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അവർകൾ അന്വേഷിച്ച് ബഹു. ജില്ലാ കളക്ടർ അവർകൾക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. അന്നത്തെ സെക്ഷൻ ക്ലാർക്ക് ശ്രീ. മുരളിപ്രസാദിന് ഇതുമായി ബന്ധപ്പെട്ട് കത്ത് നൽകിയിരുന്നു. ആയതിന് അദ്ദേഹം ഒരു മറുപടിയും നാളിതുവരെ നൽകിയിട്ടില്ല. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് കൊടുത്ത മറുപടിയിൽ രജിസ്റ്റർ ഉണ്ടായിരുന്നു എന്ന് മേലധികാരികളെ തെറ്റിദ്ധരിപ്പിക്കുന്നതിനായിരുന്നു. സെക്ഷൻ ഏറ്റെടുത്ത ഉദ്യോഗസ്ഥനായ ശ്രീ. ജയകുമാർ കെ.പി. പ്രസ്തുത രജിസ്റ്റർ കൈപ്പറ്റിയിട്ടില്ല എന്ന് വിശദീകരണം നൽകിയിട്ടുണ്ട്. ശ്രീ. ദണ്ഡപാണി പഞ്ചായത്തിലെ 01.01.2010 മുതൽ 31.12.2015 വരെയുള്ള ഹാൻഡ് ഓവർ /ടേക്കൺ ഓവർ രജിസ്റ്ററിന്റ പകർപ്പുകളാണ് ആവശ്യപ്പെട്ടത്. അതിൽ പഞ്ചായത്തിൽ ലഭ്യമായ 01.08.2015 മുതൽ 31.12.2015 വരെയുള്ള രജിസ്റ്ററിന്റെ പകർപ്പുകൾ ടിയാന് നൽകിയിട്ടുണ്ട്. 01.08.2015ന് മുമ്പുള്ള ഹാൻഡ് ഓവർ/ടേക്കൺ ഓവർ രജിസ്റ്റർ ഈ ഓഫീസിൽ ലഭ്യമായിട്ടില്ലാത്തതി

നാലാണ് ടിയാന് നൽകാതിരുന്നത്.''

5. 06.11.2019ൽ അപ്പീൽ ഹർജിക്കാരൻ വീണ്ടും കമ്മീഷന് പരാതി നൽകി. മലമ്പുഴ ഗ്രാമപഞ്ചായത്ത് ഇലക്ഷൻ കമ്മീഷൻ മുൻ ഉദ്യോഗസ്ഥൻ ശ്രീ. മുരളിപ്രസാദിന്റെ സ്റ്റേറ്റ്മെന്റ് വിശ്വാസയോഗ്യമല്ല എന്നും, ടിയാൻ സ്ഥലം മാറിപ്പോയതിനുശേഷം ടി വിഭാഗം കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥർ ശ്രീ. കെ.പി. ജയകുമാർ പറയുന്നത് വിശ്വാസയോഗ്യമാണെന്നും, സെക്രട്ടറി പറയുന്നത് കളവാണെന്നും, ടി മുരളി പ്രസാദ് നൽകിയ സ്റ്റേറ്റ്മെന്റ് ശരിവയ്ക്കുന്ന രീതിയിൽ അപേക്ഷാ ഫോമുകളിൽ (ഫോറം 4) രജിസ്റ്ററിൽ രേഖപ്പെടുത്തിയ സീരിയൽ നമ്പർ ടി ഫോറത്തിന്റെ മുകളിൽ രേഖപ്പെടുത്തിയത് തെളിവിനായി സമർപ്പിക്കുന്നുവെന്നും, ഫോറം 4 അപേക്ഷയിൽ 493, 494 എന്ന് രേഖപ്പെടുത്തിയത് ടി സീരിയൽ നമ്പരുകളുണ്ടെങ്കിൽ രജിസ്റ്ററിൽ ഉണ്ടെന്ന് തെളിയിക്കുന്നതാണെന്നും അപ്പീൽ ഹർജിക്കാരൻ ടി കത്തിൽ പറഞ്ഞു.

6. 5.11.2019ൽ അപ്പീൽ ഹർജിക്കാരൻ ഒരു എതിർ സത്യവാങ് മൂലം കമ്മീഷന് സമർപ്പിക്കുകയുണ്ടായി. എതിർകക്ഷിയുടെ നടപടി കുറ്റകരമാണെന്നും ആയതു കൊണ്ട് വിവരാവകാശ നിയമം വകുപ്പ് 25(5) പ്രകാരം നടപടികൾ സ്വീകരിച്ച് നഷ്ടപ്പെട്ട രേഖകളെ കുറിച്ചുള്ള വ്യക്തതയ്ക്ക് വേണ്ടിയും, എതിർകക്ഷി മൂടിവെയ്ക്കാൻ ശ്രമിക്കുന്ന അഴിമതികൾ പുറത്തുകൊണ്ടു വരുന്നതിനുവേണ്ടിയും, രേഖകൾ നിയമവിരുദ്ധമായി കൈമോശം വരുത്തിയ പൊതു അധികാരികൾക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിനു വേണ്ടിയും, എതിർകക്ഷികൾക്ക് നൽകാൻ കഴിയാതിരുന്ന രേഖകളെയും, രജിസ്റ്ററുകളെയും കുറിച്ച് വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് നൽകണമെന്നുമാണ് ഇതിൽ ആവശ്യപ്പെട്ടിരുന്നത്.

7. ഇതിനുശേഷം 10.12.19ൽ ഒന്നാം എതിർകക്ഷി മറ്റൊരു വിശദീകരണം കമ്മീഷന് സമർപ്പിച്ചു. അതിലും 01.08.2015ന് മുമ്പുള്ള ഹാൻഡ് ഓവർ /ടേക്കൺ ഓവർ രജിസ്റ്റർ ഓഫീസിൽ ലഭ്യമായിട്ടില്ലാത്തതിനാലാണ് നൽകാൻ കഴിയാതെ വന്നത് എന്ന വിശദീകരണമാണ് നൽകിയിരുന്നത്.

8. ഇരു കക്ഷികളുടെയും മൊഴികളും, അനുബന്ധ രേഖകളും പരിശോധിച്ചതിൽ കമ്മീഷൻ താഴെപ്പറയുന്ന നിഗമനങ്ങളിൽ എത്തിച്ചേർന്നു.

ഒന്നാം എതിർകക്ഷി വിവരാവകാശ അപേക്ഷ കൈകാര്യം ചെയ്തിരുന്നത് തികച്ചും ലാഘവത്തോടെയാണ്. 2015ലെ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടർ പട്ടികയിൽ പുതുതയായി പേർ ചേർക്കുന്നവരുടെ/നിരസിക്കപ്പെടുന്നവരുടെ അപേക്ഷകൾ സ്വീകരിച്ച് രേഖപ്പെടുത്തിയ രജിസ്റ്ററിന്റെ പകർപ്പും അടക്കമുള്ള ഗൗരവപൂർണ്ണമായ വിവരങ്ങളും രേഖകളും അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നു. ഈ വിവരം പ്രത്യേകമായി സൂക്ഷിച്ചിട്ടില്ല എന്ന ഒന്നാം എതിർകക്ഷിയുടെ വാദങ്ങൾ വിശ്വാസത്തിലെടുക്കാൻ കഴിയുന്നില്ല.

9. ഒന്നാം എതിർകക്ഷിയുടെ മേൽ അധികാരിയും ഒന്നാം അപ്പീൽ അധികാരിയുമായ രണ്ടാം എതിർകക്ഷിയുടെ അപ്പീൽ തീർപ്പ് അനുസരിച്ച് പ്രവർത്തിക്കാൻ പോലും ഒന്നാം എതിർകക്ഷി താൽപ്പര്യം കാട്ടിയിട്ടില്ല എന്നത് അത്യന്തം ഗൗരവതരമായ കാര്യമാണ്. അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയിൽ ചോദ്യം നമ്പർ 3ന് പകർപ്പ് അടവാക്കിയിട്ടും വിവരാവകാശ നിയമപ്രകാരം സമയപരിധി കഴിഞ്ഞാണ് ലഭ്യമായ വിവരങ്ങൾ എസ്.പി.ഐ.ഒ. നൽകിയിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടുവെന്നും ആയത് വിവരാവകാശ നിയമ ലംഘനമായി വിലയിരുത്തുന്നു എന്നും ഒന്നാം അപ്പീൽ അധികാരി ടിയാന്റെ ഉത്തരവ് നമ്പർ പി.എ2/7275/18 തീയതി 31.05.2018ൽ പറയുന്നുണ്ട്. വിവരാവകാശ നിയമം 5(4), 5(5) എന്നീ വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് എസ്.പി.ഐ.ഒ.യും, കൽപ്പിത എസ്.പി.ഐ.ഒ.യും അപേക്ഷകൾക്ക് വിവരം നൽകാൻ ബാധ്യസ്ഥരാണെന്നും, ജീവനക്കാരുടെ കുറവും അധികജോലി ഭാരവും ഉണ്ടെന്ന കാരണത്താൽ വിവരം നൽകുന്നതിൽ നിന്നും ഒഴിവാകാനാവില്ല എന്നും, വിവരാവകാശ അപേക്ഷ തീർപ്പാക്കുന്നതിൽ എസ്.പി.ഐ.ഒ.യ്ക്ക് മാത്രമല്ല ബാധ്യതയുള്ളതെന്നും ബന്ധപ്പെട്ട ഫയൽ നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ട എല്ലാ ഉദ്യോഗസ്ഥർക്കും ഈ കാര്യത്തിൽ കൂട്ടുത്തരവാദിത്വം ഉണ്ടെന്നും ആകയാൽ മേലിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാത്ത രീതിയിൽ വിവരാവകാശ നിയമം പാലിച്ചുകൊണ്ട് അപേക്ഷകൾ തീർപ്പാക്കേണ്ടതാണെന്ന് എസ്.പി.ഐ.ഒ.യെ കർശനമായി താക്കീത് ചെയ്യുന്നു എന്നും ഈ ഉത്തരവിൽ ഒന്നാം അപ്പീൽ അധികാരി പറഞ്ഞിട്ടുണ്ട്.

10. നേരത്തെ അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച മറ്റൊരു അപ്പീലിൽ ഇതേ ഒന്നാം അപ്പീൽ അധികാരി പി.എ2/15724/17 തീയതി 21.12.2017 എന്ന ഉത്തരവിലും വിവരാവകാശ അപേക്ഷ അലക്ഷ്യമായും നിരുത്തരവാദപരമായും കൈകാര്യം ചെയ്തത് എസ്.പി.ഐ.ഒ.യുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി വിലയിരുത്തുന്നു എന്നും മേലിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകരുത് എന്ന് താക്കീത് ചെയ്യുന്നു.

11. ഒന്നാം എതിർകക്ഷിയുടെ മേലധികാരിയായ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ഇൻ ചാർജ്ജ് ശ്രീ. കെ. സുധാകരൻ പി.എ2/7939/18 തീയതി 12.06.2018 എന്ന ഉത്തരവിലും ഒന്നാം എതിർകക്ഷിയെ ശാസിച്ചിട്ടുണ്ട്.

12. ഒന്നാം എതിർകക്ഷി വിവരാവകാശ അപേക്ഷ കൈകാര്യം ചെയ്യുന്നതിൽ സ്ഥിരമായ അലംഭാവവും നിരുത്തരവാദിത്വം കാട്ടിക്കൊണ്ടിരിക്കുന്നു എന്നു വേണം കരുതാൻ. അപ്പീൽ ഹർജിക്കാരൻ ബഹു. കോടതികളിൽ നിലനിൽക്കുന്ന കേസുകളുമായി ബന്ധപ്പെട്ട് ഹാജരാക്കുന്നതിന് വേണ്ടിയുള്ള വിവരങ്ങളും, രേഖകളും ഒന്നാം എതിർകക്ഷിയോട് ചോദിച്ചിട്ടും അതു നൽകാതെ ഓരോ ന്യായങ്ങൾ പറഞ്ഞ് നീട്ടികൊണ്ട് പോയത് അത്യന്തം ഗൗരവതരമായ കാര്യമാണ്.

13. ഇതിന്റെ എല്ലാം അടിസ്ഥാനത്തിൽ കമ്മീഷൻ രണ്ടു കാര്യങ്ങൾ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ കാണാതായത് സംബന്ധിച്ച് അന്വേഷിച്ച് കമ്മീഷന് റിപ്പോർട്ട് സമർപ്പിക്കാൻ പാലക്കാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു. ടിയാൻ അന്വേഷണ റിപ്പോർട്ട് (ഉത്തരവ് കൈപ്പറ്റി) ഒരു മാസത്തിനുള്ളിൽ കമ്മീഷന് നൽകേണ്ടതാണ്.

2) ആവർത്തിച്ചു നിരുത്തരവാദിത്വം കാട്ടിയ ഒന്നാം എതിർകക്ഷി പരാമർശിത കാലയളവിലെ മലമ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കെതിരെ കമ്മീഷൻ നടപടിയെടുക്കാൻ തീരുമാനിക്കുന്നു.

14. വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരം ശിക്ഷിക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ ആയത് ടിയാൾ ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ കമ്മീഷനെ അറിയിക്കേണ്ടതാണ്. അങ്ങനെ വിശദീകരണം ഒന്നും ലഭിക്കുന്നില്ലെങ്കിൽ ഒന്നാം എതിർകക്ഷിക്ക് ഇക്കാര്യത്തിൽ ഒന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ തുടർ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. ടി എതിർകക്ഷിക്ക് എന്തെങ്കിലും കമ്മീഷനെ നേരിൽ കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

15. മേൽപ്പറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിന്മേൽ ഇന്നേ ദിവസം, 17.02.2020ന് കമ്മീഷൻ താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

gk.

RIGHT TO INFORMATION